# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3950** **21.06.2018 -ൽ മറുപടിയ്ക്ക്**

## നെടുങ്കുന്നുമല ടൂറിസം വികസനം

ചോദ്യം
ശ്രീ.ചിറ്റയം ഗോപകുമാർ :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അടൂർ നിയോജക മണ്ഡലത്തിലെ ഏറത്ത് പഞ്ചായത്തിലുള്ള നെടുങ്കുന്ന് മലയിൽ ടൂറിസം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) & ബി) & സി) | 26.9.2017 ലെ 466/2017/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നെടുംകുന്നുമല ടൂറിസം പദ്ധതിക്കായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ ആദ്യഗഡുവായി 1,50,00,000/- രൂപ ഡി.റ്റി.പി.സിയ്ക്ക് അനുവദിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നില നിർത്തി കൊണ്ട് ടൂറിസം പദ്ധതി നടപ്പിൽ വരുത്തുന്നതിന് പഞ്ചായത്തിന് സമ്മതമാണെന്നുള്ള തീരുമാനം പഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ലാന്റ് റവന്യൂ കമ്മീഷണറുടെ സർക്കുലർ പ്രകാരം സ്ഥലത്തിന്റെ ഉപയോഗാനുമതി പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തികൾക്കായി നൽകേണ്ടതുണ്ട്. ഇതിനായുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| ബി) | ഏറെ ടൂറിസം സാധ്യതയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | | |
| സി) | സമയബന്ധിതമായി പ്രസ്തുത ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ